

# മെത്രാപ്പോലീത്തായുടെ കത്ത്

**നവംബർ 2016**

കർത്താവിൽ പ്രിയരേ,

ഒക്ടോബർ മാസത്തോട് വിടപറയുമ്പോൾ, കൃപയുടെ സമൃദ്ധിയാൽ ദൈവം നടത്തിയ വഴികളെക്കുറിച്ചോർക്കുമ്പോൾ ഒത്തിരി ഒത്തിരി സ്മരണകൾ സ്തുതിയുടെയും സ്തോത്രത്തിന്റെയും സൗരഭ്യയാഗം അർപ്പിച്ചുകൊണ്ട് കടന്നു വരുന്നു. 2016 ഒക്ടോബർ മാസം 2-ാം തീയതി ആയപ്പോഴേക്കും സഭയുടെ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റിട്ട് പത്താം വർഷത്തിലേക്ക് നാം പദമൂന്നുകയായിരുന്നു. കശ്ശീശാസ്ഥാനത്തേക്ക് പ്രവേശിച്ചിട്ട് ഒക്ടോബർ 18-ാം തീയതി 60 സംവൽസരത്തിലേക്കു പ്രവേശിച്ചു. ഒക്ടോബർ 19-ാം തീയതി മാർത്തോമ്മാ സഭയിൽ വൈദികനായി ആദ്യ കുർബ്ബാന അനുഷ്ഠിച്ചതിന്റെ 60-ാം സംവൽസരത്തിലേക്കു പദമൂന്നുകയായിരുന്നു. ദൈവനിയോഗത്തിന്റെ വഴികളിൽ ഇന്നെയോളം നടത്തിയ വലിയവനായ ദൈവത്തിനു സ്തോത്രം കരേറ്റുന്നു. പ്രാർത്ഥനയിലൂടെയും സഹകരണത്തിലൂടെയും പ്രോൽസാഹനത്തിലൂടെയും പ്രവർത്തനസരണികളിൽ വഴിവെളിച്ചങ്ങളായവരെയും കൂടെ സഞ്ചരിച്ച് കൂട്ടായ്മയുടെ ബലം പകർന്ന വിശ്വാസ സമൂഹത്തെയും നന്ദിപൂർവ്വം ഓർക്കുന്നു. ഈ അവിസ്മരണീയ അനുഭവങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്ന ഒരനുഭവമായിരുന്നു ഒക്ടോബർ 23-ാം തീയതി യാക്കോബായ സുറിയാനി സഭ നൽകിയ, ആർച്ച് കോർ എപ്പിസ്കോപ്പാ കണിയാംപറമ്പിൽ കുര്യൻ അച്ചന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരം ഏറ്റുവാങ്ങാൻ ലഭിച്ച അവസരം. പല സഭകളിൽ ഉൾപ്പെട്ട പ്രഗൽഭരായ അഞ്ചു പേർ ചേർന്ന് ഐകകണ്ഠ്യേനയാണ് കണിയാംപറമ്പിൽ അച്ചന്റെ പേരിലുള്ള യാക്കോബായ സഭ ഏർപ്പെടുത്തിയ പുരസ്കാരത്തിനായി നമ്മെ തിരഞ്ഞെടുത്തത് എന്നതിലും വളരെയധികം ചാരിതാർത്ഥ്യമുണ്ട്. ഒക്ടോബർ 23-ാം തീയതി പുത്തൻ കുരിശ് പാത്രിയാർക്കാസെന്ററിൽ വെച്ചു നടന്ന കണിയാംപറമ്പിൽ അച്ചൻ അനുസ്മരണ സമ്മേളനത്തിൽ വെച്ചാണ് ശ്രേഷ്ഠ കാതോലിക്കാ ബാവ നമുക്ക് ഈ പുരസ്കാരം സമ്മാനിച്ചത്. സ്ഥാനചിഹ്നങ്ങളായ കുരിശും മാലയും സ്ലീബായും ഔദ്യോഗിക മെഡലും പുരസ്കാരത്തുകയായ ഒരു ലക്ഷം രൂപായും നൽകി നമ്മെ യാക്കോബായ സഭ ആദരിച്ചത് മാർത്തോമ്മാ സഭയ്ക്കുള്ള അംഗീകാരമായിട്ടാണ് നാം കണക്കാക്കുന്നത്. അവാർഡു സംബന്ധിച്ച പാത്രിയാർക്കീസ് ബാവായുടെ ഒരു കൽപനയും പ്രഖ്യാപിച്ചുകൊണ്ടാണ് ആ സമ്മേളനം ആരംഭിച്ചത് എന്നതും ശ്രദ്ധേയമായി. യാക്കോബായ സഭ നൽകിയ ഈ ആദരവിന് നാം എന്നും കൃതാർത്ഥതയുള്ളവനായിരിക്കും. കഴിഞ്ഞ വർഷം ഒക്ടോബർ 19-ാം തീയതി അന്തരിച്ച ആർച്ച് കോർ എപ്പിസ്കോപ്പ കണിയാംപറമ്പിൽ അച്ചൻ മാർത്തോമ്മാ സഭയ്ക്കു നൽകിയ ശുശ്രൂഷകളെ നമുക്കൊരിക്കലും മറക്കുവാൻ കഴിയുകയില്ല. നമ്മുടെ സുറിയാനി ഭാഷയിലുള്ള ആരാധനാക്രമങ്ങളെല്ലാം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നതിൽ അച്ചൻ നൽകിയ നേതൃത്വത്തിനും ശുശ്രൂഷകൾക്കും മാർത്തോമ്മാ സഭ എന്നും അച്ചനോടു കടപ്പെട്ടിരിക്കുന്നു. നമ്മുടെ ബാല്യകാലത്തു തന്നെ അച്ചനെ പരിചയപ്പെടാൻ കഴിഞ്ഞതും പിന്നീട് അച്ചനിൽ നിന്നു സുറിയാനിയുടെ പാഠങ്ങൾ പഠിക്കാൻ കഴിഞ്ഞതും ഒരു വലിയ അനുഗ്രഹമായി കരുതുന്നു. ആ സ്മരണകൾക്കു മുന്നിൽ ആദരപൂർവം പ്രണാമം.

നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട ആലപ്പുഴ തൃക്കുന്നപ്പുഴ എം.ടി.യു.പി. സ്കൂളിലെ സംസ്കൃതാദ്ധ്യാപികയായ ശ്രുതി ഇമ്മാനുവേൽ തന്റെ അദ്ധ്യാപനശുശ്രൂഷയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏഴാം ക്ലാസിലെ സംസ്കൃത പാഠഭാഗത്തെ കുട്ടികൾക്കു കൂടുതൽ മനസിലാക്കാനും സംസ്കൃത ഭാഷയുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കാനുമായി 'സ്വപ്നത്തിലേക്ക് ഒരു യാത്ര' എന്ന പേരിൽ ഒരു ഹ്രസ്വചിത്രം നിർമ്മിച്ചു എന്നത് അഭിനന്ദർഹമായ ഒരു കാര്യമാണ്. കർണ്ണാടകയിലെ ഷിമോഗയ്ക്കു സമീപമുള്ള മത്തൂർ എന്ന സംസ്കൃതഗ്രാമത്തെക്കുറിച്ചാണ് അതിൽ വിവരിക്കുന്നത്. തന്റെ സ്വന്തം കൈയ്യിൽ നിന്നും ഒരു ലക്ഷം രൂപായോളം മുടക്കി താൻ പഠിപ്പിക്കുന്ന വിഷയം കുട്ടികൾക്കു കൂടുതൽ നന്നായി മനസ്സിലാക്കുവാനായി ഇപ്രകാരമൊരു ഹ്രസ്വചിത്രം തയ്യാറാക്കിയ ശ്രുതി ടീച്ചറിനെ പ്രത്യേകം അഭിനന്ദിക്കുന്നതോടൊപ്പം ഈ ചിത്രം അനേകർക്ക് പ്രചോദനപ്രദവും പ്രയോജനകരവുമായിത്തീരട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

ഈ സംവൽസരം എക്യുമെനിക്കൽ മേഖലയെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ പല സംഭവങ്ങളുടെയും ഓർമ്മകൾ ഉണർത്തുന്ന ഒരു കാലഘട്ടമാണ്. ജർമ്മനിയിൽ സഭയിലെ നവോത്ഥാനപ്രസ്ഥാനത്തിനു ഊർജ്ജം പകർന്ന മാർട്ടിൻ ലൂതർ തന്റെ തീസിസ് വിറ്റൻ ബർഗിലെ ആൾ സെയിന്റ്സ് ദൈവാലയത്തിന്റെ ഭിത്തിയിൽ പ്രദർശിപ്പിച്ചത് നവോത്ഥാനത്തിന്റെ ഒരു കാഹളം മുഴക്കൽ തന്നെയായിരുന്നു. ആ മഹാ സംഭവം നടന്നതിന്റെ 500-ാം വാർഷികത്തിലേക്ക് നാം കടക്കുകയാണ്. ഏബ്രഹാം മൽപ്പാനച്ചൻ മാരാമൺ പള്ളിയിൽ പ്രോമ്യോനും സെദറായും മലയാളത്തിൽ പരിഭാഷപ്പെടുത്തി ചൊല്ലിയതിന്റെ 181-ാം വർഷത്തിലേക്ക് നാം പ്രവേശിക്കുന്നു. ഇലന്തൂർ വലിയപള്ളിയുടെ 200-ാം വാർഷികവും ഇലന്തൂർ പരിയാരം പള്ളിയിൽ

ചേപ്പാട് മാർ ദിവന്നാസ്യോസിന്റെ കല്പനപ്രകാരം ഏബ്രഹാം മല്പാനച്ചൻ കുരിശുവെച്ച് കുർബ്ബാന ചൊല്ലിയതിന്റെ 200-ാം വാർഷികവും ആചരിച്ചു. നമ്മുടെ അനേകം ഇടവകകൾ ശതാബ്ദിയും നവതിയും ജൂബിലികളും ആഘോഷിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ നടത്തിപ്പിന്റെ വഴികൾക്കായി ദൈവത്തെ സ്തുതിക്കാം. ദർശനത്തിന്റെ പുതുക്കത്തിനും ദൈവവചനത്തിന്റെ വായനയ്ക്കും പുനർവായനയ്ക്കും ഉള്ള ഒരു അവസരമായി ഈ അവസരങ്ങൾ തീരട്ടെ എന്ന് ആശംസിക്കുന്നു.

രാഷ്ട്രീയ രംഗം ഇന്ന് വ്യക്തിഹത്യയുടെ രംഗവേദിയായി മാറിക്കൊണ്ടിരിക്കുന്ന പ്രവണതകളാണ് പ്രാദേശിക രാഷ്ട്രീയത്തിൽത്തുടുങ്ങി എവിടെയും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അമേരിക്ക ഒരു പ്രസിഡണ്ട് തിരഞ്ഞെടുപ്പിനായി ഒരുങ്ങുന്ന ഈ വേളയിൽ വ്യക്തിഹത്യാ പ്രവണതകൾ ഗുരുതരമാംവിധം വളർന്ന് രാഷ്ട്രീയത്തിന്റെ അന്തസ് കെടുത്തുന്ന തലം വരെ എത്തിയിരിക്കുന്നു എന്നത് വേദനാജനകമാണ്. പണ്ടു കാലത്ത് അമേരിക്കൻ പ്രസിഡണ്ട് തിരഞ്ഞെടുപ്പിലെ സംവാദങ്ങൾ ലോകം മുഴുവൻ ആവേശപൂർവമാണ് ശ്രദ്ധിച്ചിരുന്നത്. തങ്ങളുടേതായ നയപരിപാടികളും ദർശനങ്ങളും പങ്കുവെയ്ക്കുന്ന ആ അനുഭവങ്ങൾ പരസ്പര ബഹുമാനത്തിന്റെയും ദേശസ്നേഹത്തിന്റെയും ഉന്നതമായ മൂല്യങ്ങൾ പുലർത്തുന്നവയായിരുന്നു. എന്നാൽ ഇന്ന് പ്രസിഡണ്ട് സ്ഥാനാർത്ഥികൾ പങ്കെടുക്കുന്ന പ്രധാന സംവാദപരിപാടികൾ കേവലം വ്യക്തിഹത്യയുടെ വാചകമേളയായി മാറിയിരിക്കുന്നു എന്നതിൽ ജനാധിപത്യസ്നേഹികളെല്ലാം പൊതുവേ ദുഃഖിതരാണ്. അതിപ്രഗൽഭരും മഹാന്മാരുമായ ജോർജ് വാഷിംഗ്ടണും തോമസ് ജെഫേഴ്സണും ഏബ്രഹാം ലിങ്കണും ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽറ്റും ജോൺ എഫ് കെന്നഡിയുമൊക്കെ ഇരുന്ന പ്രസിഡണ്ട് സ്ഥാനത്തിനായുള്ള മൽസരത്തിൽ ആ മഹാരഥന്മാരെല്ലാം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ ഇക്കാലത്ത് ഉയർത്തിപ്പിടിച്ചില്ല എങ്കിൽ രാഷ്ട്രീയം കൂടുതൽ മോശമായ നിലവാരത്തിലേക്കു ഇനിയും താണുപോകും എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. നമ്മുടെ കേരളത്തിലും ഇപ്പോൾ പ്രധാനമായും നടക്കുന്നത് വ്യക്തിഹത്യയുടെ ആഘോഷങ്ങളാണ്. പണ്ട് അങ്ങനെയായിരുന്നില്ല. പ്രഗൽഭനായ വി.കെ. കൃഷ്ണമേനോൻ ബോംബെയിൽ നിന്ന് പാർലമെന്റിലേക്ക് മൽസരിച്ച് പരാജയപ്പെട്ടപ്പോൾ പിന്നീട് തിരുവനന്തപുരത്താണ് അദ്ദേഹം മൽസരിക്കാനെത്തിയത്. അന്നത്തെ പ്രചരണം നാം ഓർക്കുന്നു. തന്റെ എതിർ സ്ഥാനാർത്ഥിയെക്കുറിച്ച് ഒരു മോശം പരാമർശവും അദ്ദേഹം നടത്തിയിട്ടില്ലായിരുന്നു. തന്റെ നയങ്ങളും സമീപനങ്ങളുമാണ് ആ വിശ്വവിഖ്യാതനായ ആ പ്രഭാഷകൻ തന്റെ പ്രസംഗങ്ങളിലൂടെയും പ്രചരണ പരിപാടികളിലൂടെയും ലോകത്തോടു പ്രഖ്യാപിച്ചത്. രാഷ്ട്രീയമായി എക്കാലത്തും വളരെ വ്യക്തമായ നിലപാടുകളെടുക്കുന്ന തിരുവനന്തപുരത്തെ വോട്ടർമാർ അദ്ദേഹത്തെ അന്ന് പാർലമെന്റിലേക്ക് അയയ്ക്കുകയും ചെയ്തു. അനുകരണീയമായ ഇത്തരം മാതൃകകളാണ് ഇന്നത്തെ നേതാക്കൾ കണ്ടുപഠിക്കേണ്ടത്.

പശ്ചിമ ഏഷ്യയിലെ സ്ഥിതിഗതികൾ അനുദിനം ആശങ്കാജനകമായ അവസ്ഥയിലേക്കു പരിണമിച്ചുകൊണ്ടിരിക്കുകയാണ്. മതവിശ്വാസത്തിന്റെ പേരിൽ വർഗീയ ലഹളകൾക്കു തിരികൊളുത്തുന്നവർ സ്ഫോടനാത്മകമായ അവസ്ഥാവിശേഷത്തിലേക്കാണ് ലോകത്തെത്തന്നെ തള്ളിയിട്ടുകൊണ്ടിരിക്കുന്നത് എന്നതിൽ ലോകമെങ്ങുമുള്ള മനുഷ്യസ്നേഹികളെല്ലാം ആശങ്കാകുലരാണ്. മാനവികതയുടെ വികാസമാണ് മതങ്ങളുടെ പ്രവർത്തനങ്ങളിലൂടെ സാധ്യമാകേണ്ടത്. ദൈവമുഖം മനുഷ്യമുഖങ്ങളിൽ ദർശിക്കാൻ കഴിയുന്ന രീതിയിൽ വളരുന്ന അനുഭവമാണ് ശരിയായ ആദ്ധ്യാത്മികത. ക്രിസ്തു ലോകത്തിനു വെളിപ്പെടുത്തിയത് ദൈവത്തിന്റെ മനുഷ്യമുഖമാണ്. ക്രിസ്തുവിന്റെ സ്നേഹത്തിലൂടെയും ത്യാഗത്തിലൂടെയും ലോകം അത് അനുഭവിച്ചറിഞ്ഞു. ക്രിസ്തുവിന്റെ ആ സ്നേഹമുഖത്തെയാണ് സഭ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കേണ്ടത്. ഇന്ന് മതത്തിന്റെ പേരിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങളിലൂടെ ദൈവത്തിന്റെ മുഖമല്ല, ചെകുത്താന്റെ മുഖമാണ് ലോകം കണ്ടുകൊണ്ടിരിക്കുന്നത്. അക്ഷന്തവ്യമായ അവസ്ഥാവിശേഷമാണിത് എന്നു പറയേണ്ടിയിരിക്കുന്നു.

അടുത്ത കാലത്തായി കേരള നിയമസഭ പ്രക്ഷുബ്ധമായ അനേകം സന്ദർഭങ്ങൾക്കു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. ആരോപണ പ്രത്യാരോപണങ്ങളും പരസ്പരമുള്ള ആക്ഷേപമാലിന്യവർഷവുമല്ലാതെ മറ്റൊന്നും കാര്യമായി നടക്കാത്ത അവസ്ഥ നമ്മുടെ മഹത്തായ ജനാധിപത്യപാരമ്പര്യത്തിനു ഒട്ടും ഭൂഷണമല്ല. ജനങ്ങളുടെ നികുതിപ്പണം ശമ്പളമായും അലവൻസായും ലഭിക്കുന്ന നിയമസഭാംഗങ്ങൾ ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ ചർച്ച ചെയ്യാതെ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള നിരന്തരമായ ഏറ്റുമുട്ടലിലൂടെ നിരന്തരം സഭാനടപടികൾ സ്തംഭിപ്പിക്കുന്ന അവസ്ഥയ്ക്കു നിശ്ചയമായും മാറ്റം വരേണ്ടിയിരിക്കുന്നു. ഭരണപ്രതിപക്ഷ ഭേദമെന്യേ എല്ലാവരും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് ഓർമ്മിപ്പിക്കട്ടെ.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ ഈ വർഷത്തെ വാർഷിക സമ്മേളനം സത്നാ ക്രിസ്തുകുല മിഷൻ സ്കൂളിൽ വെച്ച് വളരെ ഭംഗിയായും പൂർവ്വാധികം അനുഗ്രഹപ്രദമായും നടന്നു എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. നാനൂറോളം കോളേജ് വിദ്യാർത്ഥികൾ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 50 ൽ പരം വിദ്യാർത്ഥികൾ കേരളത്തിൽ നിന്നും വന്ന് അതിൽ പങ്കെടുക്കുകയുണ്ടായി. 'Refreshing faith, Entering Reality' എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. നാമും സ്തേഫാനോസ് തിരുമേനിയും മുഴുവൻ സമയവും യോഗങ്ങളിൽ പങ്കെടുത്തു. വിവിധ യോഗങ്ങൾക്കും സെമിനാറുകൾക്കും വേദപഠനങ്ങൾക്കും നേതൃത്വം നൽകിയ യുവ പട്ടക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവവചനസത്യങ്ങളെ സമകാലിക പശ്ചാത്തലത്തിൽ ഉൾക്കൊള്ളുവാൻ കഴിയുന്ന വിധത്തിലുള്ള പുനർവായനയുടെയും പുതു ദർശനത്തിന്റെയും ഒരു പ്രേരകശക്തിയായി പങ്കെടുത്ത എല്ലാവർക്കും ഈ സമ്മേളനാനുഭവങ്ങൾ തീരട്ടെ എന്നാഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

നമ്മുടെ സഭയിലെ പട്ടക്കാരുടെ വാർഷിക സമ്മേളനം ചരൽക്കുന്നിൽ വെച്ച് നവംബർ മാസം 22 മുതൽ 25 വരെ നടക്കുകയാണ്. എല്ലാ പട്ടക്കാരും ആദിയോടന്തം ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. സംഗതമായ ഇടയ ശുശ്രൂഷ ആധുനിക കാലഘട്ടത്തിൽ അനുഗ്രഹപ്രദമായ രീതിയിൽ നിർവഹിക്കണമെങ്കിൽ നിരന്തരം പുതുക്കപ്പെടുകയും വളരുകയും ചെയ്യേണ്ടത് ഏറെ ആവശ്യമാണ്.

സഭയുടെ പുതുക്കത്തെ(ഹൂദോസ് ഈത്തൊ) ക്കുറിച്ചുള്ള ധ്യാനചിന്തകളോടു കൂടിയാണ് നവംബർ മാസത്തിലേക്ക് നാം പ്രവേശിക്കുന്നത്. നവംബർ 6-ാം തീയതി ഞായറാഴ്ച അഖിലലോകസണ്ടേസ്കൂൾ ദിനമായി നാം ആചരിക്കുന്നു. പൈതങ്ങൾ ദൈവത്തിന്റെ പ്രതീക്ഷകളാണ്. കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന മാതാപിതാക്കളല്ല, കുഞ്ഞുങ്ങളെ കൂടെയിരുത്തി പ്രാർത്ഥിക്കുന്ന മാതാപിതാക്കളാണ് ഭാവിക്ക് പ്രതീക്ഷ നൽകുന്ന മാതാപിതാക്കൾ എന്ന് ഓർമ്മിപ്പിക്കട്ടെ. സെന്റ് അഗസ്റ്റിന്റെ മാനസാന്തരത്തിന്റെ കഥ ചരിത്രപ്രസിദ്ധമാണല്ലോ. വഷളത്വത്തിന്റെ വഴികളിലൂടെ അഗസ്റ്റിൻ നടന്നപ്പോൾ അഗസ്റ്റിന്റെ അമ്മ മോണിക്ക തന്റെ പ്രിയ മകനുവേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു. അന്നത്തെ ബിഷപ്പ് ആംബ്രോസിനോട് തന്റെ വേദന പങ്കുവെച്ചപ്പോൾ അദ്ദേഹം പറഞ്ഞത് - "ഈ കണ്ണീരിന്റെ പുത്രൻ നശിച്ചുപോകയില്ല" എന്നാണ്. ആ അമ്മയുടെ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനയ്ക്ക് ഫലമുണ്ടായി. അഗസ്റ്റിൻ മാനസാന്തരപ്പെട്ടു. പിന്നീട് സെന്റ് അഗസ്റ്റിൻ എന്ന പേരിൽ അറിയപ്പെട്ടു. പ്രാർത്ഥനയുടെ കണ്ണീരിൽ നമ്മുടെ കുഞ്ഞുങ്ങളാകുന്ന പ്രതീക്ഷകൾ വളർന്നുവരട്ടെ.

നവംബർ 13-ാം തീയതി ഞായർ സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യാഘോഷദിനമാണ്. ഈ സഭകളുടെ കൂട്ടായ്മയിലേക്ക് മെതഡിസ്റ്റ് സഭ കൂടി ചേർന്നു വരുവാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സഭകൾ തമ്മിലുള്ള ഐക്യം സാക്ഷ്യത്തിന്റെ വിശാലമായ മാനങ്ങളെ കണ്ടെത്തുവാൻ സഹായകരമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. നവംബർ 13-ാം തീയതി ഞായർ സെഖര്യാവിനോടുള്ള അറിയിപ്പും നവംബർ 20 ഞായർ കന്യകമറിയാമിനോടുള്ള അറിയിപ്പും നവംബർ 27 ഞായർ എലിസബത്തിന്റെ അടുക്കലേക്കുള്ള കന്യകമറിയാമിന്റെ യാത്രയുമാണ് ധ്യാനവിഷയങ്ങളായി നിശ്ചയിച്ചിരിക്കുന്നത്. ദൈവത്തിന്റെ ദൂതൻ സെഖര്യാവിന്റെയും എലിസബത്തിന്റെയും ദീർഘകാലത്തെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കിയപ്പോൾ സെഖര്യാവ് അടയാളം ചോദിച്ചു. എന്നാൽ മറിയയ്ക്ക് ദൂതൻ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് അരുളപ്പാട് നൽകിയപ്പോൾ മാനുഷികമായ സംശയങ്ങൾ ദൂതനോട് പങ്കിട്ട് അവൾ ഉത്തരം കണ്ടെത്തി. "അതിനു മറിയ: ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു" (ലൂക്കോസ് 1:38). ദൈവത്തിന്റെ വലിയ വാഗ്ദാനത്തെ സംശയിച്ച സെഖര്യാവ് മൗനിയായിപ്പോയതായിട്ടാണ് നാം കാണുന്നത്.

ഗർഭിണിയായിരിക്കുന്ന എലിസബത്തിനെ സന്ദർശിക്കുവാൻ മറിയ എലിസബത്തിന്റെ ഭവനത്തിൽ ചെല്ലുമ്പോൾ ഉണ്ടായ എലിസബത്തിന്റെ പ്രതികരണത്തിൽപ്പോലും മറിയയുടെ ഔന്നത്യം വെളിപ്പെടുത്തുന്നുണ്ട്. എലിസബത്ത് പറഞ്ഞത് "കർത്താവ് തന്നോട് അരുളിച്ചെയ്തതിനു നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കൊസ് 1:45). ദൈവം അരുളിച്ചെയ്തതിനു നിവൃത്തിയുണ്ടാകും എന്നു വിശ്വസിക്കാതിരുന്ന തന്റെ ഭർത്താവായ സെഖര്യാവ് ഊമനായിരിക്കുന്ന പശ്ചാത്തലത്തിൽ തന്നെയാണ് എലിസബത്ത് മറിയയുടെ വിശ്വാസത്തിന്റെ മഹത്വത്തെ പ്രകീർത്തിച്ചത് എന്നു നാം ഓർക്കണം. ദൈവത്തിന്റെ കൃപ ലഭിച്ചവരുടെ സംഗമമാണ് മറിയയുടെയും എലിസബത്തിന്റെയും സംഗമത്തിൽ നാം കാണുന്നത്. നമ്മുടെ ജീവിതത്തിന്റെ വേദനകളിൽ കൃപ ലഭിച്ചവരുമായി കൂട്ടായ്മ ആചരിക്കുവാനായിരിക്കണം നാം ശ്രമിക്കേണ്ടത് എന്ന വലിയ ജീവിതപാഠം ഈ ഭാഗം നമുക്കു നൽകുന്നുണ്ട്. അല്ലാത്ത പക്ഷം നമ്മുടെ പ്രശ്നം കൂടുതൽ വഷളായിത്തീരുക തന്നെ ചെയ്യും എന്ന കാര്യം വിസ്മരിച്ചു പോകരുത്.

നംവബർ 29-ാം തീയതി ചൊവ്വാഴ്ച ഉത്തരേന്ത്യാസഭയുടെ സ്ഥാപകദിനമാണ്. പ്രശ്നങ്ങളെയെല്ലാം അതിജീവിച്ച് വളരുവാൻ ഉത്തരേന്ത്യാ സഭയ്ക്ക് ഇടയാകട്ടെ എന്നു ആശംസിക്കുന്നു. നവംബർ 30 ബുധൻ മാർ അന്ത്രെയൊസ് ശ്ലീഹാ നാളാണ്. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ വളരെ ശ്രദ്ധേയമായ ഒരു വ്യക്തിത്വത്തിനുടമയാണ് അന്ത്രെയൊസ്. മറ്റുള്ളവരെ യേശുവിങ്കലേക്ക് കൊണ്ടുവരുന്നതിലായിരുന്നു അന്ത്രെയൊസിന്റെ സന്തോഷം. തന്റെ സഹോദരനായ പത്രൊസിനെ യേശുവിങ്കലേക്കു കൊണ്ടുവന്നത് അന്ത്രെയൊസാണ്. പിന്നീട് പത്രൊസ് ശിഷ്യരിൽ പ്രമുഖനായി മാറി. യവനന്മാർ യേശുവിനെ കാണണമെന്ന ആഗ്രഹവുമായി ഫിലിപ്പൊസിനെ സമീപിച്ചപ്പോൾ ഫിലിപ്പൊസ് സമീപിക്കുന്നത് അന്ത്രെയോസിനെയാണ്. അന്ത്രെയൊസ് അവരെ യേശുവിന്റെ അടുക്കലെത്തിച്ചു. അഞ്ചപ്പവും രണ്ടു മീനുമായി വന്ന് വലിയ പുരുഷാരത്തിന്റെ ഇടയിലായിരുന്ന ബാലനെ കണ്ടെത്തി യേശുവിന്റെ അടുക്കലെത്തിച്ചതും അന്ത്രെയോസാണ്. എന്നാൽ ഒരു സന്ദർഭത്തിലും സ്വന്തം പ്രശസ്തിയ്ക്കുവേണ്ടി അന്ത്രെയൊസ് ഒന്നും ചെയ്യുന്നില്ല. എത്ര ശ്രേഷ്ഠമായ മാതൃക! മറ്റുള്ളവരെ യേശുവിങ്കലേക്കു കൊണ്ടുവരുന്നതിൽ അന്ത്രെയൊസിന്റെ ജീവിതം നമുക്കേവർക്കും പ്രചോദനമായിത്തീരട്ടെ. "യെഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല. എല്ലാവർക്കും കർത്താവ് ഒരുവൻ തന്നെ. അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നൽകുവാൻ തക്കവണ്ണം സമ്പന്നൻ ആകുന്നു. "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" എന്നുണ്ടല്ലോ." (റോമർ 10:12,13).

*കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.*

പുലാത്തീൻ
28-10-2016

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**